Page 1 of 2

നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ. കെട്ടിട വിഭാഗത്തിന് കീഴിൽ കോലഞ്ചേരി മിനി സിവിൽ സ്റ്റേഷൻ ട്രഷറിയുടെയും നോർത്ത് വാഴക്കുളം യു.പി സ്കൂളിന്റെയും നിർമ്മാണ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നത്. കോലഞ്ചേരി മിനി സിവിൽ സ്റ്റേഷൻ നവീകരണം അവസാന ഘട്ടത്തിലാണ് രണ്ടാഴ്ചയ്ക്കകം പൂർത്തീകരിക്കാൻ കഴിയും. നോർത്ത് വാഴക്കുളം യു.പി സ്കൂൾ-Structure work-കൾ പൂർത്തീകരിക്കുകയും പ്ലാസ്റ്ററിംഗ് ഉൾപ്പെടെയുള്ള Masonry പ്രവൃത്തികൾ നടന്നുവരികയുമാണ്. മൂന്നുമാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിരത്ത് വിഭാഗത്തിനുകീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

ബസ് ബേ/ബസ് ടെർമിനൽ നിർമ്മാണം

16 (765) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി വലിയപാലത്തോടുചേർന്നുള്ള ബസ്ബേ/ബസ് ടെർമിനൽ നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ?

ടി പ്രവൃത്തിയുടെ മണ്ണ് പരിശോധന നടത്തി റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ബി) ഈ പദ്ധതിക്ക് എത്ര തുകയുടെ എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം ആണ് വകുപ്പ് തയ്യാറാക്കിയിട്ടുള്ളതെന്നും ഇതിന്റെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്നും അറിയിക്കാമോ?

ബസ്ബേയുടെ ഡിസൈൻ ലഭിക്കുന്നമുറയ്ക്ക് മാത്രമേ ഡി.പി.ആർ. തയ്യാറാക്കുവാൻ കഴിയുകയുള്ളൂ. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ചുമതല പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർക്കാണ്.

(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ഈ ഫയൽ ഇപ്പോൾ ഏത് ഉദ്യോഗസ്ഥന്റെ പരിഗണനയിലാണുള്ളതെന്നും ആയതിന്റെ ഫയൽ നമ്പരും തപാൽ കമ്പ്യൂട്ടർ നമ്പരും അറിയിക്കുമോ?

ലഭ്യമായിട്ടില്ല. ഡിസൈൻ ലഭിക്കുന്നമുറയ്ക്ക് മാത്രമേ പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി PRICE ഫയൽ രൂപീകരിക്കുവാൻ കഴിയുകയുള്ളൂ.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പദ്ധതിക്ക് പ്രൈസ് ഐ.ഡി. നമ്പർ 2018/2238 പ്രകാരം സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് റോഡ് വിഭാഗം ചീഫ് എഞ്ചിനീയർ 3-8-2018-ലെ 2073/2018 പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനുശേഷം പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ?

PRICE ID RD/2018/2238 എന്നത് ബസ്ബേയുടെ മണ്ണ് പരിശോധനയുടെ എസ്റ്റിമേറ്റാണ്. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ 3-8-2018-ലെ കത്ത് സർക്കാരിൽ ലഭ്യമായിട്ടില്ല.

പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി

17 (766) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന ബജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ പേര്, തുക, ഭരണാനുമതി ഉത്തരവ്, നിലവിലെ പുരോഗതി എന്നിവ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ അടിയന്തരമായി നടപ്പിലാക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് കണക്കാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

(എ & ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ നിരത്തുകൾ, പാലം, കെട്ടിടം വിഭാഗങ്ങൾക്കു കീഴിൽ പൊതുമരാമത്ത് വകുപ്പ് മുഖേന ബജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി

18 (767) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് (2016-21) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് പൊതുമരാമത്ത് വകുപ്പിന്റെ ഏതെല്ലാം പ്രവൃത്തികളാണ് നൽകിയത്; ദേശീയപാത, ബിൽഡിംഗ്സ്, റോഡുകളും പാലങ്ങളും എന്നീ ഓരോ വിഭാഗത്തിനും നൽകിയ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക ഉൾപ്പെടെ വിശദമാക്കുമോ;

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly